# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1546** — 14-12-2012-ൽ മറുപടിക്ക്

പൈതൃക സവിശേഷതകൾ നിലനിർത്തിക്കൊണ്ടുള്ള കെട്ടിട നിർമ്മാണ ശൈലി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.മഞ്ഞളാംകുഴി അലി** (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ലോകത്ത് വിവിധ നഗരങ്ങളിൽ പൈതൃക സവിശേഷതകൾ നിലനിർത്തിക്കൊണ്ടുള്ള കെട്ടിട നിർമ്മാണ ശൈലി നടപ്പിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കേരളത്തിലെ വിവിധ പട്ടണങ്ങളുടെ സാംസ്കാരിക സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് കെട്ടിട മാതൃകകൾ അവലംബിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ; | (ബി) കേരളത്തിലെ വിവിധ പട്ടണങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ സാംസ്കാരിക സവിശേഷതകൾ ഉള്ള പട്ടണങ്ങൾക്ക് അവ നിലനിർത്തുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ / നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിലെ സോണിംഗ് റെഗുലേഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) സാംസ്കാരിക പൈതൃകങ്ങൾ പ്രതിഫലിക്കുന്ന വാസ്തുശില്പ ഭംഗിയിലൂടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്ന പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ? | (സി) പൈതൃക പ്രാധാന്യം കണക്കിലെടുത്ത് തിരുവനന്തപുരം മാസ്റ്റർ പ്ലാനിൽ ഫോർട്ട് ഏരിയ പ്രദേശത്തിനും, കൊച്ചി സ്ട്രക്ചറൽ പ്ലാനിൽ ഫോർട്ട്കൊച്ചി പ്രദേശത്തിനും, പാലക്കാട് മാസ്റ്റർ പ്ലാനിൽ കൽപ്പാത്തി അഗ്രഹാരത്തിനും അവയുടെ വാസ്തുശില്പശൈലി നിലനിർത്തുന്നതിനായി ഈ പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചില നിയന്ത്രണങ്ങൾ/ നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനുകളിലെ സോണിംഗ് റെഗുലേഷനുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിൽ ഈ പ്രദേശങ്ങളിലെ നിർമ്മാണങ്ങളുടെ ആർക്കിടെക്ചറൽ ക്യാരക്ടർ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷന്റെ നിർദ്ദേശപ്രകാരമുള്ള കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ